താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ
ഫോൺ നം. 0484 2442365
ഇ-മെയിൽ - thqhnparur@yahoo.co.in

ഭരണഭാഷ - മാതൃഭാഷ

നമ്പർ സി2- 1403/2022 തീയതി 12.01.2026

## ടെണ്ടർ/ലേല നോട്ടീസ്

വടക്കൻ പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഉപയോഗശൂന്യമായ പഴയ ഓഫീസ് കെട്ടിടം തറഭാഗം ഒഴികെ പൊളിച്ചുനീക്കുന്നതിന് വടക്കൻ പറവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ വച്ച് 09.02.2026 ന് ടെണ്ടർ/പരസ്യലേലം നടത്തുന്നു (ഇലക്ട്രിക്കൽ സാധനങ്ങൾ ഒഴികെ).

| | |
|---|---|
| ദർഘാസ് ഫോറത്തിന്റെ വില | 600 + 18 % ജി.എസ്.ടി |
| അടങ്കൽ തുക | 3,00,000/- |
| ദർഘാസ് ഫോറം നൽകുന്ന തീയതി: | 20.01.2026 മുതൽ 07.02.2026 വരെ |
| ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാനിക്കുന്ന തീയതി | 08.02.2026 ന് 11 മണി വരെ |
| ദർഘാസ് ഫോറം തുറക്കുന്ന തീയതി | 09.02.2026 തിങ്കളാഴ്ച ഉച്ചയ്ക്ക് 02.00 മണി |

ടെണ്ടർ/പരസ്യലേലത്തിൽ പങ്കെടുക്കാൻ 7500 രൂപയുടെ നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റായി (DD) വടക്കൻ പറവൂർ താലൂക്കാസ്ഥാന ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ കെട്ടിവയ്ക്കേണ്ടതാണ്. ഏറ്റവും ഉയർന്ന തുകയ്ക്ക് ടെണ്ടർ/ലേലം വയ്ക്കുന്ന വ്യക്തിയ്ക്ക് ടെണ്ടർ/ലേലം ഉറപ്പിച്ചു നൽകുന്നതാണ്. മുദ്ര വച്ച ടെണ്ടറുകൾ 08.02.2026-ന് 11.00 മണിയ്ക്ക് മുമ്പായി നേരിട്ടോ തപാൽ വഴിയോ സമർപ്പിക്കേണ്ടതാണ്. ലേലം ഉറപ്പിച്ചയാൾ സെക്യൂരിറ്റി തുകയായി 25000 രൂപ അടയ്ക്കേണ്ടതാണ്. കൂടാതെ ലേലതുകയും, 18% ജി.എസ്.ടി-യും അടങ്ങുന്ന തുകയുടെ 50% അന്നേ ദിവസം അടയ്ക്കേണ്ടതും, അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന 50% അടച്ച് രസീത് കൈപ്പറ്റേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖ, ജി.എസ്.ടി രജിസ്ട്രേഷൻ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

1. ലേല ദിവസം 1, 2, 3 സ്ഥാനക്കാരുടെ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഒഴികെ ബാക്കിയുള്ളവരുടെ തുക തിരിച്ച് നൽകുന്നതാണ്.
2. കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 15 ദിവസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്നും, ഈ പ്രവർത്തനങ്ങൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്താതെയും ആശുപത്രിയുടെ സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരു തരത്തിലുമുള്ള കേടുപാടുകളോ, നാശമോ വരുത്താതെ നിർവ്വഹിച്ചുകൊള്ളാമെന്നും, ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ സംഭവിച്ചാൽ ലേലം വിളിച്ച വ്യക്തിയുടെ സ്വന്തം ചെലവിൽ ആയത് പരിഹരിച്ച് നല്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂപ്രണ്ടുമായി 200 രൂപയുടെ മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.
3. ടെണ്ടർ/ലേലം സംബന്ധിച്ച അവസാന തീരുമാനമെടുക്കുന്നതിനും ആവശ്യമെങ്കിൽ വേണ്ടതായ തിരുത്തലുകളും, മാറ്റങ്ങളും വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം വടക്കൻ പറവൂർ താലൂക്കാസ്ഥാന ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.
4. കെട്ടിടങ്ങളുടെ തറ ഒഴികെയുള്ള ഭാഗങ്ങൾ (തറ ഓടിന്/ടൈലിന് മുകളിലുള്ള ഭാഗങ്ങൾ മാത്രം) സ്വന്തം ഉത്തരവാദിത്വത്തിലും, ചെലവിലും ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സൈറ്റ് ക്ലിയർ ചെയ്ത് തരേണ്ടതാണ്.

5. കെട്ടിടങ്ങളുടെ തറ ഒഴികെയുള്ള ഭാഗങ്ങൾ പൊളിച്ച് അവശിഷ്ടങ്ങൾ നീക്കം ചെയ്യുമ്പോൾ ആശുപത്രിയിലെ കുടിവെള്ളം, വൈദ്യുതി കണക്ഷനുകളുടെ കേബിളുകൾക്കോ, പൈപ്പുകൾക്കോ യാതൊരു തരത്തിലുമുള്ള കേടുപാടുകൾ സംഭവിക്കാൻ പാടില്ലാത്തതും അഥവാ ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ സംഭവിച്ചാൽ ലേലം വിളിച്ച വ്യക്തിയുടെ സ്വന്തം ചെലവിൽ പരിഹരിച്ച് തരേണ്ടതാണ്.

6. സൂപ്രണ്ടിന്റെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചതിന് ശേഷം മാത്രമേ കെട്ടിടം പൊളിച്ചു മാറ്റുന്ന നടപടി തുടങ്ങുവാൻ പാടുള്ളൂ.

7. നിശ്ചിത സമയത്തിനകം കെട്ടിടം പൊളിച്ചു മാറ്റുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ആയത് കരാർ വ്യവസ്ഥയുടെ ലംഘനമാക്കി സുരക്ഷിത നിക്ഷേപവും, നിരതദ്രവ്യവും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്.

8. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുമ്പോൾ മറ്റ് കെട്ടിടങ്ങൾക്ക് കേടുപാടോ, ആശുപത്രി സ്ഥാവരജംഗമ വസ്തുക്കൾക്ക് നാശം എന്നിവ ഉണ്ടായാൽ നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.

9. ആശുപത്രിയുടെ സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത രീതിയിൽ ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതാണ്.

10. ലേലം ചെയ്ത വ്യക്തി പ്രസ്തുത കെട്ടിടങ്ങൾ മറ്റൊരു വ്യക്തിയ്ക്ക് ആശുപത്രി കോമ്പൗണ്ടിൽ വച്ച് പുനർലേലം ചെയ്ത് നൽകുവാൻ പാടുള്ളതല്ല.

11. പൊളിക്കുന്ന കെട്ടിടങ്ങളുടെ കല്ല്, മരം, ഓട്, മറ്റ് കെട്ടിട അവശിഷ്ടങ്ങൾ ആശുപത്രി കോമ്പൗണ്ടിൽ കൂട്ടിയിടാൻ പാടുള്ളതല്ല. പൊളിക്കുന്ന മുറയ്ക്ക് തന്നെ കെട്ടിടാവശിഷ്ടങ്ങൾ കോമ്പൗണ്ടിൽ നിന്നും ഉടനടി നീക്കം ചെയ്യേണ്ടതാണ്.

12. ടെണ്ടർ/ലേലം എന്തെങ്കിലും കാരണങ്ങളാൽ മാറ്റി വയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം വടക്കൻ പറവൂർ താലൂക്കാസ്ഥാന ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

കെട്ടിടങ്ങളെ കുറിച്ചുള്ള വിശദ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നേരിൽ ബന്ധപ്പെടേണ്ടതാണ്.

സൂപ്രണ്ട്.

SUPERINTENDENT
TALUK HEAD QUARTERS HOSPITAL
NO H PARAVUR

THQ HOSPITAL

**പകർപ്പ്:**

1. മാധ്യമ പ്രസിദ്ധീകരണത്തിന്, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്,
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് (ആമുഖ കത്ത് സഹിതം)
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം. (നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)
4. നോട്ടീസ് ബോർഡ്
    1. ജനറൽ ആശുപത്രി, എറണാകുളം
    2. താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ.
    3. താലൂക്ക് ആസ്ഥാന ആശുപത്രി, കൊടുങ്ങല്ലൂർ
    4. ജില്ലാ ആശുപത്രി, ആലുവ
    5. മുനിസിപ്പാലിറ്റി, വടക്കൻ പറവൂർ
    6. താലൂക്ക് ഓഫീസ്, വടക്കൻ പറവൂർ
    7. സബ് ട്രഷറി, വടക്കൻ പറവൂർ
5. ഫയൽ/കരുതൽ ഫയൽ.